THE VILLAGE INTERNATIONAL SCHOOL

AIM HIGH, TOGETHER WE FLY

"We Nurture Dreams"

# ANSWER KEY

## കടൽ തീരത്ത്

| | അർത്ഥം എഴുതുക |
|---|---|
| 1 | നനവ് |
| 2 | ബഹുമാനം |
| 3 | തുമ്പ് |
| 4 | ഉറപ്പ് വരുത്തുക |
| 5 | പൊതിച്ചോറ് |
| | പര്യായപദം |
| 6 | യാനം,അയനം,ഗമനം |
| 7 | മൃതദേഹം,ജഡം |

| | |
|---|---|
| 8 | ചോറ്,ഓതനം,അന്ധസ്സ് |
| | നാനാർത്ഥം |
| 9 | ബുദ്ധി,തൃപ്തി,ചന്ദ്രൻ |
| 10 | തിങ്ങിയ,ഹൃദ്യമായ,കട്ടിയുള്ള |
| 11 | പൂർണത,തൃപ്തി,ഐശ്വര്യം |
| 12 | ഇല്ലാതായ,ഉപേക്ഷിക്കപ്പെട്ട |
| | ഉത്തരം എഴുതുക |
| 13 | അന്നം വെള്ളായിയപ്പനാൽ നിലത്തേക്ക് എറിയപ്പെട്ടു |
| 14 | അംഗവാക്യം-ജയിലിന്റെ പരിസരങ്ങളിൽ<br>അംഗീവാക്യം-വെള്ളായിയപ്പൻ അങ്ങുമിങ്ങുമായി കാത്തുകിടന്നു |

| | |
|---|---|
| 15 | ഒ വി വിജയന്റെ കടൽത്തീരത്ത് എന്ന കഥാസമാഹാരത്തിലേതാണ് കടൽത്തീരത്ത് എന്ന കഥ. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മകൻ കണ്ടുണ്ണിയെ കാണാൻ വൃദ്ധനായ വെള്ളായിയപ്പൻ കണ്ണൂർ ജയിലിലേക്ക് പോകുന്നതും ശിക്ഷാവിധി കഴിഞ്ഞ് കണ്ടുണ്ണിയുടെ മൃതദേഹം ഏറ്റുവാങ്ങി സംസ്കരിക്കുന്നതു വരെയുള്ള സംഭവങ്ങളാണ് കടൽത്തീരത്ത് എന്ന കഥയിലൂടെ ഒ വി വിജയൻ പറയുന്നത്.<br><br>കണ്ണൂർക്കുള്ള യാതവേളയിൽ ഭാര്യ കോടച്ചി കൊടുത്തുവിട്ട പൊതിച്ചോറിന് സവിശേഷമായ സ്ഥാനമുണ്ട്. പൊതിച്ചോറ് ഒരു കഥാപാത്രമായി മാറുന്നു. യാത്രാമധ്യേ വെള്ളായിയപ്പന് കഴിക്കുവാൻ നൽകിയതാണ് പൊതിച്ചോറ്. പക്ഷെ മകന്റെ ശവം മറവു ചെയ്യുന്നതു വരെ വെള്ളായിയപ്പൻ ആ പൊതി അഴിച്ചില്ല. പൊതിയുടെ നനവിലൂടെ അയാൾ കോടച്ചിയുടെ ദു:ഖത്തിന്റെ നനവു തന്നെയാണ് തിരിച്ചറിയുന്നത്.<br><br>കഥാരംഭംതൊട്ട് കടപ്പുറത്ത് മകന്റെ ബലിതർപ്പണമായി ആ ചോറ് വിതറുന്നത് വരെ എല്ലാ സന്ദർഭങ്ങൾക്കും സാക്ഷിയായി ആ പൊതിച്ചോറ് വെള്ളായിയപ്പന്റെ കയ്യിലുണ്ട്. വെള്ളായിയപ്പന്റെ ദു:ഖസാന്ദ്രീകൃതമായ മൗനാവസ്ഥയുടെ പ്രതീകമെന്നോണം കഥയാകെ നിറഞ്ഞു നിൽക്കുന്ന കഥാപാത്രം തന്നെയാണ് "പൊതിച്ചോറ് എന്നു പറയാം. |

| | |
|---|---|
| 16 | മലയാളത്തിന്റെ ഭാവസുന്ദരമായ ഭാഷയുടെഉടമയാണ് ഒ.വി. വിജയൻ. ഭാഷയുടെ ആർജ്ജവവും ശക്തിയും ഇത്രയും ശക്തമായി സ്വാംശീകരിച്ച സാഹിത്യകാരനില്ല. സവിശേഷശൈലിയാലും അപൂർവസുന്ദരവും കാവ്യാത്മകവുമായ ഭാവനയാലും വ്യത്യസ്തമാണ് അദ്ദേഹത്തിന്റെ ഗദ്യം. ഗദ്യഭാഷയുടെ കാവ്യാന്തരീക്ഷം നിറഞ്ഞു നിൽക്കുന്ന കഥയാണ് കടൽത്തീരത്ത്.<br><br>കുറച്ച് മാത്രം എഴുതി കൂടുതൽ അനുഭവിപ്പിക്കുന്ന അപൂർവ സുന്ദരമായ ഒരു ശൈലിയാണ് അദ്ദേഹത്തിന്റേത്. ഗദ്യത്തെ കാവ്യമാക്കുന്ന ഈ രീതി ഈ കഥയിലാകെ നിറയുന്നു. വായിക്കുന്നവരുടെ ഹൃദയത്തിൽ അനന്തമായ സങ്കടക്കടലിന്റെ അലകൾ ഉണ്ടാക്കാൻ പര്യാപ്തമാണ് ഇത്തരം പ്രയോഗങ്ങൾ. ഈ കാവ്യഭാഷ തന്നെയാണ് കടൽത്തീരത്ത് എന്ന കഥയെ മലയാളത്തിലെ മികച്ച കഥകളിലൊന്നാക്കുന്നത്.<br><br>ഒ.വി. വിജയന്റെ കാവ്യാത്മക ഭാഷയ്ക്കുള്ള ഉദാഹരണങ്ങളാണ് ഇവിടെ കാണുന്നത്. അതീവഹൃദ്യമായ ഒരു പ്രഭാതവർണ്ണനയാണ് ആദ്യത്തേത്. മകന്റെ മരണത്തിന് സാക്ഷിയാകാൻ പോകുന്ന വെള്ളായിയപ്പന്റെ മനസ്സിൽ ഉദിച്ചു വരുന്ന ഒരു പ്രകാശത്തിന്റെ ഛായ ഉണ്ടാക്കാൻ ഈ പ്രയോഗം ഉപകരിക്കുന്നു. അതുപോലെ തന്നെ സുന്ദരമായ ഒരു പ്രയോഗമാണ്<br><br>“ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത" എന്നതും. പട്ടിണിപ്പാവങ്ങളായ നാട്ടിൻപുറത്തുകാരുടെ ജീവിതയാത്രകളുടെ ആഴവും, ദൈന്യതയും ഈ പ്രയോഗത്തിലുണ്ട്.<br><br>ഹൃദയ വികാരങ്ങളും വിശദീകരണങ്ങളും സാന്ദ്രീഭവിച്ചു നിൽക്കുന്ന ഇത്തരം പ്രയോഗങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ സങ്കടത്തിന്റെ അലകളാക്കി മാറ്റുന്നത്. മറ്റൊരു ഉദാഹരണം പരിചയപ്പെടാം. കുട്ടപ്പൻ മാപ്പിള എതിരെ വരുമ്പോൾ ആദരവോടെ മാറി നിന്ന അയാൾ പറയുന്നു: “വെള്ളായിയേ" മറുപടിയായി വെള്ളായിയപ്പൻ "മരയ്ക്കാറെ" അത്രമാത്രം. രണ്ട് വാക്കുകൾ മാത്രം. ഈ രണ്ട് പ്രയോഗങ്ങളിൽ അവരുടെ സുദീർഘമായ ഒരു സംഭാഷണം തന്നെ ഒ. വി. വിജയൻ ധ്വനിപ്പിക്കുന്നു. മകന്റെ മരണത്തിന്ന് സാക്ഷ്യം വഹിക്കാൻ പോകുന്ന ഒരു വൃദ്ധനെ എങ്ങനെ സമാധാനിപ്പിക്കണം എന്നറിയാതെ വിഷമിക്കുന്ന മരയ്ക്കാരുടെ ഹൃദയം ഒരുപാട് പറയുന്നുണ്ട്. അത് മരയ്ക്കാർ പറയുന്നില്ലെങ്കിലും ആസ്വാദകരായ നമുക്ക് വായിച്ചെടുക്കാം. ചുരുക്കത്തിൽ ഓരോ വരിയും ഓരോ കവിതയാവുന്നതാണ് ഒ.വി. വിജയന്റെ ഭാഷ |

| | |
|---|---|
| 17 | ഒ.വി.വിജയന്റെ അതിപ്രശസ്തമായ ഒരു കഥയാണ് "കടൽത്തീരത്ത്, വായനക്കാർ ക്ക് ഇത്രയും പ്രിയതരമായ മറ്റൊരു കഥയുണ്ടാവില്ല. എന്നതന്നെ പറയാം. അത്രയ്ക്കും ഹൃദ്യമാണ് അതിലെ ഭാഷയും പ്രമേയവും കഥാപാത്രങ്ങളും. തൂക്കിലേറ്റാൻ വിധിക്കപ്പെട്ട മകന്റെ വാർത്തയറിഞ്ഞ് ശവശരീരം ഏറ്റുവാങ്ങാനായി കണ്ണൂർ ജയിലിലേക്ക് യാത്ര തിരിക്കുന്ന നിസ്സഹായനായ ഒരു വൃദ്ധന്റെ ഹൃദയഭേദകമായ അനുഭവങ്ങളാണ് കഥയിലെ പ്രമേയം.<br><br>വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ ഉള്ള ഗ്രാമത്തിന്റെ ദുഃഖം മിഴിവോടെ തന്നെ കഥാരംഭത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. വീടുകളിൽ നിന്നുയരുന്ന നിലവിളി അയൽവീടുകളിലേക്ക് പടരുന്നു. വെള്ളായിയപ്പന്റെ കൂടെ പോകാൻ പാഴുതറയിലെ അമ്പതിൽചില്വാനം കുടിലുകളിലുള്ളവർ എല്ലാം തയ്യാറാണ്. പക്ഷെ ദാരിദ്ര്യമാണ് അവരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നത്. എങ്കിലും അവരുടെ മനസ്സ് വെള്ളായിയപ്പനൊപ്പമുണ്ട്. കുട്ട്യസ്സൻ മാപ്പിളയുടെയും നീലിയുടെയും നിസ്സഹായത നിറഞ്ഞ മൗനവും ആ ഗ്രാമത്തിന്റെ തന്നെയായിരുന്നു. കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനു വേണ്ടിയായിരുന്നു എന്ന് എഴുതുമ്പോൾ ഗ്രാമത്തിന്റെ ദു:ഖം എന്നത് പൂർണ്ണമാകുന്നു. |

| | |
|---|---|
| 18 | ഒ വി വിജയന്റെ കടൽത്തീരത്ത് എന്ന കഥാസമാഹാരത്തിലേതാണ് കടൽത്തീരത്ത് എന്ന കഥ. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മകൻ കണ്ടുണ്ണിയെ കാണാൻ വൃദ്ധനായ വെള്ളായിയപ്പൻ കണ്ണൂർ ജയിലിലേക്ക് പോകുന്നതും ശിക്ഷാവിധി കഴിഞ്ഞ് കണ്ടുണ്ണിയുടെ മൃതദേഹം ഏറ്റുവാങ്ങി സംസ്കരിക്കുന്നതു വരെയുള്ള സംഭവങ്ങളാണ് കടൽത്തീരത്ത് എന്ന കഥയിലൂടെ ഒ വി വിജയൻ പറയുന്നത്.<br><br>അതിതീവ്രമായ മാനസികാവസ്ഥകളെ ഒ.വി.വിജയൻ പല പ്രതീകങ്ങളിലൂടെയും ധ്വനിമുഖരിതമായ ഭാഷയിലൂടെയും ആവിഷ്കരിക്കുന്നുണ്ട്. അതുപോലെ ശക്തമായ ഒരു സാന്നിധ്യമാണ് കാറ്റ്. പാലക്കാടൻ മലനിരകളിൽ സദാ വീശിക്കൊണ്ടിരിക്കുന്ന കാറ്റ് വെള്ളായിയപ്പന്റെ മാനസികാവസ്ഥയുടെ പ്രതീകമായി മാറുന്നു. ദുഃഖത്തിന്റെയും കുളിർമ്മയുടേയും ആകാംക്ഷയുടേയും ഒക്കെ പ്രാതിനിധ്യം പേറിക്കൊണ്ട് നിൽക്കുന്ന ശക്തമായ സാന്നിധ്യം തന്നെയായി ഒ.വി.യുടെ കഥകൾ മാറുന്നു എന്നതാണ് സത്യം. |

19 ഒ.വി.വിജയന്റെ അതിപ്രശസ്തമായ ഒരു കഥയാണ് "കടൽത്തീരത്ത്", വായനക്കാർ ക്ക് ഇത്രയും പ്രിയതരമായ മറ്റൊരു കഥയുണ്ടാവില്ല. എന്നുതന്നെ പറയാം. അത്രയ്ക്കും ഹൃദ്യമാണ് അതിലെ ഭാഷയും പ്രമേയവും കഥാപാത്രങ്ങളും. തൂക്കിലേറ്റാൻ വിധിക്കപ്പെട്ട മകന്റെ വാർത്തയറിഞ്ഞ് ശവശരീരം ഏറ്റുവാങ്ങാനായി കണ്ണൂർ ജയിലിലേക്ക് യാത്ര തിരിക്കുന്ന നിസ്സഹായനായ ഒരു വൃദ്ധന്റെ ഹൃദയഭേദകമായ അനുഭവങ്ങളാണ് കഥയിലെ പ്രമേയം.

ഒരു ഗ്രാമത്തിന്റെ മുഴുവൻ ദുഃഖവും ആകാംക്ഷകളും ഏറ്റുവാങ്ങി അദ്ദേഹം യാത്ര പുറപ്പെടുന്നു. റെയിൽവേസ്റ്റേഷനിൽ എത്തുന്ന അദ്ദേഹത്തിന് അപരിചിതരുടെ കുശലാന്വേഷണങ്ങൾപോലും അസഹനീയമാവുന്നു. ഒടുവിൽ കണ്ണൂർ റെയിൽവേസ്റ്റേഷനിൽ ചെന്നിറങ്ങിയ അയാൾ ഓട്ടോ തൊഴിലാളികളുടെ പരിഹാസത്തിന് വിധേയനാകുന്നു.

ജയിലിലേക്ക് ഏതാ വഴി എന്ന ചോദ്യത്തിന് "കട്ടാലും മതി" എന്നായിരുന്നു അവരുടെ മറുപടി. ഒടുവിൽ ജയിലിലെ പാറാവുകാരൻ അദ്ദേഹത്തെ മനസ്സിലാക്കുകയും അയാൾക്ക് മകൻ കണ്ടുണ്ണിയുമായി സംസാരിക്കുവാൻ അവസരവും നൽകുന്നു. മകൻ തന്റെ നിരപരാധിത്വം വിളിച്ചു പറഞ്ഞത്

വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ കൂടുതൽ ദുഃഖിതനാക്കുന്നു. ഒടുവിൽ വിധിക്ക് കീഴ്പ്പെട്ട കണ്ടുണ്ണിയുടെ മൃതശരീരം ഉന്തുവണ്ടിക്കാരുടെ സഹായത്തോടെ കടപ്പുറത്ത് കൊണ്ടു വന്ന് കുഴിച്ചുമൂടുന്നു.

കയ്യിൽ കരുതിയ പൊതിച്ചോറ് മകന്റെ ബലിതർപ്പണമെന്നോണം അവിടെ വാരിവിതറുകയും ചെയ്യുന്നു. വെള്ളായിയപ്പൻ എന്ന കേന്ദ്രകഥാപാത്രത്തിലൂടെയാണ് കഥയുടെ ഇതൾ വിരിയുന്നതെങ്കിലും, വെള്ളായിയപ്പന്റെ ഭാര്യ കോടച്ചി, കുട്ട്യസ്സൻ മാപ്പിള, നീലി, പാറാവുകാരൻ തുടങ്ങി ഒട്ടനവധി കഥാ പാത്രങ്ങളുണ്ട് ഈ കഥയിൽ. ചെറുതും വലുതുമായ കഥാപാത്രങ്ങളാണെങ്കിലും അവരെല്ലാം വളരെ മിഴിവാർന്ന ചിതങ്ങളാണ് ആസ്വാദകർക്ക് നൽകുന്നത്.

ഒ.വി. വിജയന്റെ രചനാകൗശലത്തിനും കഥാപാത്രസൃഷ്ടി വൈഭവത്തിനും മകുടോദാഹരണമാണ് "പൊതിച്ചോറ്. പൊതിച്ചോറ്, കഥയിലെ ഒരു പ്രതീകാത്മക കഥാപാത്രം തന്നെയാണ്. കഥയുടെ ആരംഭം മുതൽ കഥാവസാനം വരെ നമ്മുടെ കണ്ണുകളെ ഈറനണിയിക്കുന്ന ഒരു കഥാപാത്രത്തിന്റെ പ്രാധാന്യം ഈ പൊതിച്ചോറിനുണ്ട്. കരിമ്പനക്കാറ്റിന്റെ സംഗീതം നിറഞ്ഞ പാലക്കാടൻ ഗ്രാമീണതയും, നെൽവയലുകളും, പുഴയും, കുളവും എല്ലാം കഥയ്ക്ക് നൽകുന്ന പാരിസ്ഥിതികപശ്ചാത്തലം എടുത്തുപറയേണ്ടതു തന്നെയാണ്.

എല്ലാറ്റിനും ഉപരി നിരപരാധിയായ ഒരു മനുഷ്യന്റെ മരണത്തിനു മുമ്പുള്ള നിസ്സഹായമായ ആർത്തനാദവും സമകാലികാവർത്തന സംഭവങ്ങളെ ഓർമ്മിപ്പിച്ചു കൊണ്ട് നിൽക്കുന്നു. അതീവ സുന്ദരമായ മലയാളഭാഷയുടെ

| | |
|---|---|
| | ചൈതന്യവും, ഭാവസാന്ദ്രതയും, ധ്വനിമുഖരിതയും ഈ കഥയെ വായനക്കാരന് അതിതീവ്രമായ ഒരു വായനാസുഖം നൽകുന്നു. ചുരുക്കത്തിൽ മലയാളികൾക്ക് എന്നല്ല കഥാലോകത്തിലെ തന്നെ ഹൃദയ സ്പർശിയായ ഒരു കഥയാണിത്. |